2025
JULY

# തിരനോട്ടം

TSNMHSS KUNDURKUNNU

MONTHLY SCHOOL NEWS PAPER

കുണ്ടൂർക്കുന്ന് -പുല്ലാനിവട്ട റോഡ് നവീകരണത്തിന്റെ ഭാഗമായി  അടച്ചതിനാൽ സ്ക്രൂൾ ബസ് റൂട്ടിൽ പുന:ക്രമീകരണം നടത്തേണ്ടി വന്നു.

## നിപ ആശങ്ക:  കണ്ടൈൻമെന്റ് സോണായ കുണ്ടൂർക്കുന്നിൽ ഓൺലൈൻ ക്ലാസുകൾക്ക് തുടക്കം...(7/7/25)

കുണ്ടൂർക്കുന്ന്: പ്രദേശത്ത് നിപ വൈറസ് ബാധ സ്ഥിരീകരിച്ചതിനെ തുടർന്നുള്ള ജാഗ്രതയുടെ ഭാഗമായി, ടി.എസ്. എൻ എം.എച്ച്.എസ് സ്ക്രൂളിന്റെ പ്രവർത്തനം താത്കാലികമായി നിർത്തി വച്ചു. വിദ്യാഭ്യാസ വകുപ്പിന്റെയും,ആരോഗ്യ വകുപ്പിന്റെയും നിർദേശപ്രകാരം എല്ലാ ക്ളാസുകൾക്കും താത്കാലികമായി ഓൺലൈൻ സംവിധാനം പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്.

വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം തടസ്സപ്പെടാതിരിക്കാൻ തയാറാക്കിയിട്ടുള്ള ഓൺലൈൻ പഠനക്രമം അധ്യാപകരുടെ നേതൃത്വത്തിൽ ആരംഭിച്ചു.  എട്ടാംക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് Google Meet, WhatsApp എന്നീ പ്ലാറ്റ്ഫോമുകൾ വഴിയുള്ള ക്ലാസുകൾക്ക് സജീവമായ പിന്തുണ ലഭിച്ചുകൊണ്ടിരിക്കുകയാണ്.
നിപ വ്യാപനത്തെ ചെറുക്കുന്നതിനായി ആരോഗ്യ വകുപ്പ് നിർദേശിച്ച എല്ലാ മുന്നൊരുക്കങ്ങളും സ്ക്രൂൾ സ്വീകരിച്ചിട്ടുണ്ടെന്ന് പ്രധാനാധ്യാപകൻ വ്യക്തമാക്കി. സാഹചര്യങ്ങൾ സാധാരണ നിലയിലേക്ക് മടങ്ങുന്നതോടെ സ്ക്രൂൾ വീണ്ടും തുറക്കുമെന്ന് അധികൃതർ അറിയിച്ചു.

## കണ്ടൈൻമെന്റ് സോണിലേക്ക് സഹായഹസ്തവുമായി കുണ്ടൂർക്കുന്ന് ടി.എസ്.എൻ.എം. ഹൈസ്ക്രൂൾ

നിപ്പ വൈറസ് ബാധയെ തുടർന്ന് കണ്ടൈൻമെന്റ് സോണായി പ്രഖ്യാപിച്ച കിഴക്കുംപുറം പ്രദേശവാസികൾക്ക് ആശ്വാസമായി കുണ്ടൂർക്കുന്ന് ടി.എസ്.എൻ.എം ഹൈസ്ക്രൂളിന്റെ സഹാനുഭൂതിപൂർണ്ണമായ ഇടപെടൽ. പ്രദേശത്തെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി സ്ക്രൂൾ അധ്യാപകരുടെയും മാനേജ്മെന്റിന്റെയും നേതൃത്വത്തിൽ സാനിറ്റൈസറും മാസ്കുകളും ഉൾപ്പെട്ട സംരക്ഷണ സാമഗ്രികൾ വിതരണം ചെയ്തു.സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായാണ് ഈ സഹായം ഏർപ്പെടുത്തിയതെന്ന് സ്ക്രൂൾ അധികൃതർ അറിയിച്ചു. മഹാമാരിയുടെ പശ്ചാത്തലത്തിൽ ഈ ഇടപെടൽ,സ്ക്രൂളിന്റെ മാനവിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിന്റെ തെളിവായി കണക്കാക്കപ്പെടുന്നു.പ്രാദേശിക ആരോഗ്യ വിഭാഗത്തോടൊപ്പം ചേർന്ന് നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ടാണ് വിതരണം നടക്കുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ മഹാമാരികളെ മറികടക്കാൻ സമൂഹത്തെ സഹായിക്കാമെന്നതിന്റെ മികച്ച ഉദാഹരണമായി ഈ പ്രവർത്തനം മാറിയിരിക്കുകയാണ്....ഒരാഴ്ചക്കു ശേഷംസ്ക്രൂൾ വീണ്ടും സാധാരണ നിലയിൽ തുറന്നു പ്രവർത്തിക്കാൻ തുടങ്ങി.



## ലിറ്റിൽകൈറ്റ്സിലെ പുതിയ അംഗങ്ങൾക്ക് ഉജ്ജ്വല സ്വാഗതം

കുണ്ടൂർക്കുന്ന്: ടി.എസ്.എൻ.എം.എച്ച്.എസ് കുണ്ടൂർക്കുന്നിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ 2025-2028  പുതിയ ബാച്ചിലേക്ക് അംഗങ്ങളെ തെരഞ്ഞെടുത്തു. ക്ലബ്ബിന്റെ പ്രവർത്തനങ്ങളിൽ ആഴമുള്ള താൽപര്യവും ഐ.ടി രംഗത്തുള്ള കഴിവുകളും പ്രകടിപ്പിച്ച എട്ടാം ക്ലാസ്സിലെ വിദ്യാർത്ഥികളാണ് ഈ തിരഞ്ഞെടുപ്പിലൂടെ അംഗത്വം നേടിയത്.
അഭിരുചി പരീക്ഷയുടെ അടിസ്ഥാനത്തിൽ നടത്തിയ തിരഞ്ഞെടുപ്പിൽ നിരവധി വിദ്യാർത്ഥികൾ പങ്കെടുത്തു. തിരഞ്ഞെടുക്കപ്പെട്ട 40വിദ്യാർത്ഥികൾക്കാണ് little kites അംഗത്വം ലഭിച്ചത്."വിദ്യാർത്ഥികളിലെ സാങ്കേതിക പ്രതിഭ കണ്ടെത്തുന്നതിനും, അവരെ ഉചിതമായി പരിശീലിപ്പിക്കുന്നതിനും ഈ തെരഞ്ഞെടുപ്പ് സഹായകമായിരിക്കുന്നു."
പുതിയ അംഗങ്ങൾക്ക് ക്ലബ്ബിന്റെ വിവിധ ശില്പശാലകളിലും പരിശീലനങ്ങളിലും സജീവ പങ്കാളിത്തം ഉറപ്പാക്കാനാകും. ടെക്നോളജിയെ സാമൂഹിക ഉദ്ദേശ്യങ്ങൾക്കായി ഉപയോഗിക്കാൻ ലിറ്റിൽ കൈറ്റ്സ് മികച്ച വേദിയാവും.

## ഇനി അശ്വിൻ നയിക്കും

കുണ്ടൂർക്കുന്ന്: ആവേശകരമായ രഹസ്യവോട്ടെടുപ്പിൽ അശ്വിൻ കൃഷ്ണ (10E) കുണ്ടൂർക്കുന്ന് ഹൈസ്ക്രൂളിലെ 2025-26 അദ്ധ്യയന വർഷത്തിലെ താൽക്കാലിക സ്ക്രൂൾ ലീഡറായി തിരഞ്ഞെടുക്കപ്പെട്ടു. ആകെ പോൾ ചെയ്ത 20 ൽ 9 വോട്ട് നേടിയാണ് അശ്വിൻ തിരഞ്ഞെടുക്കപ്പെട്ടത്.സെക്കന്റ് ലീഡറായി ഫാത്തിമ ലിയ (10 A)യെയും ആർട്സ് ക്ലബ്ബ് സെക്രട്ടറിയായി തീർത്ഥ P ബാബു (10.B),സ്പോർട്സ് ക്ലബ്ബ് കൺവീനറായി ജെയിൻ ഷിബി നോബിൾ (10 C) നെയും തിരഞ്ഞെടുത്തു.

## വാങ്മയം പരീക്ഷ നടത്തി




വിദ്യാരംഗം സാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ 17/07/2025 വ്യാഴാഴ്ച ഉച്ചക്ക് രണ്ട് മണിക്ക് വാങ്മയം-ഭാഷാപ്രതിഭ മത്സരം നടത്തി. വിദ്യാർഥികളുടെ മലയാള ഭാഷാപാണ്ഡിത്യം അളക്കുന്നതിനുള്ള എഴുത്തു പരീക്ഷയാണ് ഇത്. മത്സരത്തിൽ 10E ക്ലാസ്സിലെ അശ്വിൻ കൃഷ്ണ.പി, 8A ക്ലാസ്സിലെ മാളവിക. പി എന്നിവർ ഒന്നും ,രണ്ടും സ്ഥാനങ്ങൾ നേടി സബ്ജില്ലാതല മത്സരത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

## ചാന്ദ്രദിനം 2025

ഈ വർഷത്തെ ചാന്ദ്രദിനത്തിനോട് അനുബന്ധിച്ച് ജൂലൈ 21ന് സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ കുട്ടികൾക്കായി ചാന്ദ്രദിന ക്വിസ് നടത്തി, ഏകദേശം നാല്പതോളം കുട്ടികൾ പങ്കെടുത്ത മത്സരത്തിൽ ഒന്നാം സ്ഥാനം 9 B ക്ലാസിലെ ആകർഷ. S , രണ്ടാം സ്ഥാനം 8A ക്ലാസിലെ യദു നന്ദൻ. S ,മൂന്നാം സ്ഥാനം 8A ക്ലാസിലെ മാളവിക.P എന്നിവർ കരസ്ഥമാക്കി. ചാന്ദ്രദിനത്തിനോടനുബന്ധിച്ച് കുട്ടികൾക്കായി വീഡിയോ മേക്കിങ് കോമ്പറ്റീഷനും നടത്തുകയുണ്ടായി .അഞ്ച് വീഡിയോകളാണ് മത്സരത്തിനുണ്ടായിരുന്നത്. ഇതിൽ 8D ക്ലാസിലെ ഗൗതം കൃഷ്ണ P ഒന്നാം സ്ഥാനം കരസ്ഥമാക്കിയപ്പോൾ രണ്ടാം സ്ഥാനം 9 B ക്ലാസിലെ  ആകർഷ S ഉം 8A ക്ലാസിലെ യദു നന്ദൻ S ഉം പങ്കിട്ടു, മൂന്നാം സ്ഥാനത്തിന് 9 B ക്ലാസിലെ അഭിനവ്. K , 8C ക്ലാസിലെ അഭിനവ് കൃഷ്ണ K എന്നിവരും അർഹരായി.






## പൈ ദിനം

ഗണിതശാസ്ത്രത്തിലെ മാന്ത്രികസംഖ്യ എന്നൊക്കെ വിശേഷിപ്പിക്കപ്പെടുന്ന "പൈ" യുടെ ഏകദേശവില ദിനം എല്ലാവർഷവും ജൂലൈ മാസം 22 ന് ലോകം മുഴുവൻ കൊണ്ടാടാറുണ്ട്. കേരള മുൻ മുഖ്യമന്ത്രി ശ്രീ VS അച്യുതാനന്ദന്റെ നിര്യാണത്തിലനുശോചിച്ച്



അന്ന് അവധി ആയിരുന്നതിനാൽ ഇക്കൊല്ലം ജൂലൈ 23 ന് കുണ്ടൂർക്കുന്ന് സ്കൂൾ ഗണിതക്ലബ്ബ് വൈവിദ്ധ്യമേറിയ പരിപാടികളുമായി പൈദിനാചരണം സംഘടിപ്പിച്ചു. 'പൈ' യുടെ പ്രാധാന്യം വിശദീകരിച്ചു. പൈ പോസ്റ്റർ നിർമ്മാണ മത്സരം റൂബിക്സ് ക്യൂബ് സോൾവിങ് മത്സരം എന്നിവ സംഘടിപ്പിച്ചു.

#സ്കൂളിലെ നോട്ടീസ് ബോർഡുകളിലും അടുക്കളയിലുമടക്കം ഷുഗർ ബോർഡ് പതിച്ചു.




#മണ്ണാർക്കാട് സബ് ട്രഷറിയിൽ വിദ്യാർത്ഥികൾക്കായുള്ള ദേശീയ സമ്പാദ്യ പദ്ധതി അക്കൗണ്ട് ആരംഭിച്ചു.

#വിദ്യാരംഗം സെമിനാർ ,ചെസ് മത്സരം എന്നിവ നടന്നു.


#ജെ ആർ സി പരീക്ഷ നടന്നു. പുതിയ യൂണിറ്റിലെ അംഗങ്ങളെ തിരഞ്ഞെടുത്തു.

## YIP ശാസ്ത്രപഥം

വിദ്യാർത്ഥികളിൽ ഗവേഷണാത്മകത പ്രോത്സാഹിപ്പിക്കുക,നിത്യജീവിത സാമൂഹിക പ്രശ്നങ്ങൾക്ക്  പരിഹാരം കണ്ടെത്താൻ പ്രാപ്തരാക്കുക,അതുവഴി കേരളത്തെ ഒരു വൈജ്ഞാനിക സമൂഹമാക്കി പരിവർത്തനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കേരളസർക്കാർ നടപ്പിലാക്കുന്ന നൂതന പദ്ധതിയാണ് YIP ശാസ്ത്രപഥം .എട്ടാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികളെ ഉദ്ദേശിച്ചാണ് YIP ശാസ്ത്രപഥം പരിപാടി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്നത് .ഇതിന്റെ ഭാഗമായിTSNM ഹൈസ്കൂളിലെ കുട്ടികൾക്കായി വൈ ഐ പി ശാസ്ത്രപഥം ഐഡിയകൾ ക്ഷണിച്ചു , bulk രജിസ്ട്രേഷൻ വഴി 120 ഓളം കുട്ടികളെ രജിസ്റ്റർ ചെയ്തു.

## ശാസ്ത്രക്വിസ് മത്സരം

കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡ് നടത്തിയ ഒറ്റപ്പാലം നിയമസഭാ മണ്ഡലതല ശാസ്ത്രക്വിസ് മത്സരത്തിൽ ടി എസ് എൻ എം എച്ച് എസ് എസ് കുണ്ടൂർക്കുന്നിനെ പ്രതിനിധാനം ചെയ്ത് മത്സരത്തിൽ പങ്കെടുത്ത ആകർഷ,യദു നന്ദൻ എന്നിവർ   മൂന്നാം സ്ഥാനം കരസ്ഥമാക്കി.




## സ്വദേശ് മെഗാ ക്വിസ്

ടടക്ലബ്ബിന്റെ നേതൃത്വത്തിൽ സ്കൂൾ തല സ്വദേശ് മെഗാ ക്വിസ് മത്സരം നടത്തി. ഗൗതം കൃഷ്ണ, അശ്വിൻ കൃഷ്ണ എന്നിവർ ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കി.

## പ്രേംചന്ദ് ദിനം

പ്രേംചന്ദ് ദിനത്തോടനുബന്ധിച്ച് ടി എസ് എൻ എം ഹൈസ്കൂളിൽ ഹിന്ദി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വീഡിയോ പ്രദർശനം, പോസ്റ്റർ നിർമാണം,ഭാഷണ്‍ എന്നിവ നടത്തി.

PREPARED BY

TEAM LK&DOCUMENTATION
TSNMHSS KUNDURKUNNU